ഹദീസ്

അബ്ദുർറശീദ് നദ്‌വി

# സമുന്നത ചിന്തയുടെ ആൾരൂപങ്ങൾ

عَنْ أَنَس رَضِي الله عَنْه أَنَّ الأنصارَ اشْتَدَّتْ عَلَيهِم السَّوَاني، فَأتَوُا النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ لِيَدْعُوَ لَهُم أَوْ يحفِرَ لَهُم نهرًا، فَأُخْبِرَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ بِذَلِكَ، فَقَالَ: لَا يَسْأَلُونِي الْيَوْمَ شَيْئًا إِلَّا أُعطُوه. فَأُخْبِرَتِ الْأَنْصَارُ بِذَلِكَ، فَلَمَّا سَمِعُوا مَا قَالَ النَّبِيُّ صَلَّى اللهُ عَلَيْه وَسَلَّمَ، قَالُوا: ادْعُ اللهَ لَنَا بِالْمَغْفِرَةِ، فَقَالَ: اللَّهُمَّ اغْفِرْ لِلْأَنْصَارِ، وَلأَبْنَاءِ الْأَنْصَارِ، وَلِأَبْنَاءِ أَبْنَاءِ الْأَنْصَارِ.

**അനസി(റ)ൽനിന്ന്. വെള്ളക്ഷാമം രൂക്ഷമായ സന്ദർഭത്തിൽ അൻസ്വാറുകൾ നബിയുടെ അടുത്തേക്ക് വന്നു; അവർക്കു വേണ്ടി നബി പ്രാർഥിക്കുകയോ അവർക്ക് തോട് കുത്തിക്കൊടുക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെടാനായി. ഈ വിവരം നബി (സ) അറിഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: 'അവർ ഇന്ന് എന്തു ചോദിച്ചാലും ഞാനവർക്ക് കൊടുക്കാതിരിക്കില്ല.' ഇങ്ങനെ നബി പറഞ്ഞുവെന്ന് അൻസ്വാറുകൾ കേട്ടറിഞ്ഞപ്പോൾ അവർ പ്രവാചകനോട് ഇങ്ങനെ അഭ്യർഥിച്ചു: 'താങ്കൾ ഞങ്ങൾക്കു വേണ്ടി അല്ലാഹുവിനോട് പാപമോചനത്തിന് അർഥിച്ചാലും.' അപ്പോൾ നബി പ്രാർഥിച്ചു: 'അല്ലാഹുവേ, അൻസ്വാറുകൾക്ക് നീ പൊറുത്തുകൊടുക്കുക; അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും പൊറുത്തുകൊടുക്കുക' (അഹ്മദ്, ഹാകിം, നസാഈ).**

സ്വഹാബികളുടെ ശ്രേഷ്ഠത വിവരിക്കുന്ന അധ്യായങ്ങളിലാണ് മേൽകൊടുത്ത ഹദീസ് കാണാനാവുക. മക്കയിൽനിന്ന് പലായനം ചെയ്തെത്തിയ പ്രവാചകന്നും അനുയായികൾക്കും മദീനയിൽ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുത്ത തദ്ദേശവാസികളായ വിശ്വാസികളാണ് അൻസ്വാറുകൾ. അവരുടെ നിശ്ചയദാർഢ്യത്തിന്റെയും ഉൾക്കാഴ്ചയുടെയും ഉയർന്ന ചിന്തയുടെയും ഒരു മാതൃകയാണ് ഈ സംഭവവിവരണത്തിൽ കാണാനാവുക. പ്രവാചകനു വേണ്ടി വിലപ്പെട്ടതെല്ലാം ത്യജിച്ചവരാണ് അവർ. മക്കയിൽനിന്നെത്തിയ മുഹാജിറുകൾക്കു വേണ്ടി അവർ തങ്ങളുടെ ഭൂമിയും സമ്പത്തും കൈവശം എന്തെല്ലാമുണ്ടോ അതൊക്കെയും വീതിച്ചുനൽകി. അവർക്കൊരു പ്രശ്നം വന്നാൽ അത് പരിഹരിക്കാൻ പ്രവാചകൻ തന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുമെന്ന് ഉറപ്പ്. ഇവിടെ ഒരു ജീവിതപ്രശ്നമാണ് അവർ ഉന്നയിക്കുന്നത്. ജലക്ഷാമം രൂക്ഷമായിരിക്കുന്നു. കിണറോ തോടോ മറ്റോ നിർമിച്ച് പ്രവാചകൻ അതിന് പരിഹാരം കാണുമെന്ന് അവർ പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ അവർക്ക് വെള്ളം സുലഭമായി ലഭിക്കാൻ പ്രാർഥിക്കുമെന്നും. ഈ വിവരം അറിഞ്ഞപ്പോഴാണ്, എന്തു വേണമെങ്കിലും ചോദിച്ചോളൂ, ഞാൻ തരാൻ തയാറാണെന്ന് പ്രവാചകൻ അവരെ അറിയിച്ചത്.

ഇപ്പോൾ ചോദിച്ചാൽ എന്തും തരാൻ തയാറാണ് എന്ന് നബി പറഞ്ഞപ്പോൾ, അൻസ്വാറുകൾക്ക് എന്തും ചോദിക്കാമായിരുന്നു. ജലവിതരണ സംവിധാനം മെച്ചപ്പെടുത്തണമന്നോ മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കിത്തരണമെന്നോ ആവശ്യപ്പെടാമായിരുന്നു. അങ്ങനെയൊരു ആവശ്യവുമായാണ് അവർ വന്നിട്ടുള്ളതും. പക്ഷേ പ്രവാചകന്റെ ഈ ഓഫർ കേട്ടപ്പോൾ, അവർ മാറിച്ചിന്തിക്കുകയാണ്. ജീവിതത്തിൽ ഏറ്റവും സമുന്നതവും മൂല്യവത്തുമായതേതോ അതാണ് അവർ ആവശ്യപ്പെടുന്നത്. അതായത് അല്ലാഹു തങ്ങളുടെ വീഴ്ചകളും തെറ്റുകളും പൊറുത്തുതരണമെന്നും അതുവഴി സ്വർഗപ്രവേശം ഉറപ്പാവണമെന്നും. അൻസ്വാറുകളുടെ ഉയർന്ന ജീവിത ചിന്തയാണ് ഇവിടെ തെളിയുന്നത്. ഭൗതികമായതെന്തും അസ്ഥിരവും നീങ്ങിപ്പോവുന്നതുമാണ്. എന്നെന്നും നിലനിൽക്കുന്നത് അല്ലാഹുവിന്റെ തൃപ്തിയും അതു മുഖേന കൈവരുന്ന സ്വർഗവുമാണ്.

ഇമാം ഇബ്നുൽ ഖയ്യിം തന്റെ *മദാരിജുസ്സാലികീൻ* എന്ന കൃതിയിൽ ഈ മാനസികാവസ്ഥയെ ഏറെ പുകഴ്ത്തിപ്പറയുന്നുണ്ട്: ''നിശ്ചയദാർഢ്യത്തിന്റെ ബഹുമുഖ പ്രകാശനങ്ങൾ നിങ്ങൾക്ക് കാണണമെന്നുണ്ടോ? സ്വഹാബിമാരുടെ ജീവിതത്തിലേക്കു നോക്കൂ. ഇവിടെയിതാ റബീഅത്തുബ്നു കഅ്ബിൽ അസ്‌ലമി എന്ന സ്വഹാബി. അദ്ദേഹത്തോട് പ്രവാചകൻ ഒരിക്കൽ പറഞ്ഞു: 'വേണ്ടത് ചോദിച്ചോളൂ.' 'തിരുദൂതരേ, സ്വർഗത്തിൽ അങ്ങയുടെ ചാരത്ത് ഞാൻ ഉണ്ടാവണം.' മറ്റൊരാളായിരുന്നെങ്കിൽ ഒരുപക്ഷേ അയാൾ പ്രവാചകനോട് ചോദിച്ചിരിക്കുക, തന്റെ വയറു നിറക്കാനുള്ള ഭക്ഷണമോ ശരീരം പൊതിയാനുള്ള വസ്ത്രമോ ഒക്കെ ആയിരുന്നേക്കാം... ഇനി പ്രവാചകന്റെ നിശ്ചയദാർഢ്യത്തിലേക്ക് നോക്കൂ. ഭൂമിയുടെ ഖജനാവുകൾ തന്റെ മുന്നിൽ തുറന്നുവെച്ചപ്പോൾ അതൊക്കെയും അവിടുന്ന് തിരസ്കരിച്ചു. ഇനി അവ എടുത്തിരുന്നെങ്കിൽ തന്നെ ഒന്നൊഴിയാതെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമായിരുന്നു. അല്ലാഹുവിന്റെ തൃപ്തിക്കപ്പുറമുള്ള യാതൊന്നുമായും പ്രവാചകൻ തന്റെ തീരുമാനങ്ങളെ ബന്ധിപ്പിച്ചിരുന്നില്ല.'' ●